# നാട്ടുകൽ ഗവ. കോളേജിൽ പൂ പൂക്കും കാലം...



കൊഴിഞ്ഞാമ്പാറ നാട്ടുകൽ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ ചെണ്ടുമല്ലിത്തോട്ടം



നാട്ടുകൽ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ ചെറുധാന്യക്കൃഷി

**കൊഴിഞ്ഞാമ്പാറ ▸** കെട്ടിടങ്ങൾക്കിടയിലെ വിശാലമായ മുറ്റത്ത് നടവഴിയുടെ ഇരുവശത്തുമായി പൂത്തുലഞ്ഞുനിൽക്കുന്ന ചെണ്ടുമല്ലിച്ചെടികൾ, തൊട്ടരികെ പച്ചപ്പാർന്ന് ചെറുധാന്യക്കൃഷി, കെട്ടിടത്തിന്റെ പിന്നിൽ പടരാനൊരുങ്ങി നാനൂറോളം മുല്ലച്ചെടികൾ, മൊട്ടിടാനൊരുങ്ങുന്ന നൂറിലേറെ അരളിച്ചെടികൾ... ഒരു ഉദ്യാനത്തിലെ കാഴ്ചകളേയല്ല ഇവ. കൊഴിഞ്ഞാമ്പാറ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിലെ വിശാലമായ കാമ്പസ് പൂത്തുലഞ്ഞുനിൽക്കുന്ന കാലമാണിത്.

കൊഴിഞ്ഞാമ്പാറയിൽ കോളേജ് പ്രവർത്തനമാരംഭിക്കുമ്പോൾ തരിശായിക്കിടന്ന സ്ഥലങ്ങൾ കുട്ടികളുടെയും അധ്യാപകരുടെയും ശ്രമഫലമായി പച്ചപ്പാർന്നുകഴിഞ്ഞു. പച്ചക്കറികൾ, പഴങ്ങൾ, വിവിധതരം പൂക്കൾ എന്നിവയുടെ കൃഷി മാത്രമല്ല വില്പനയും നടത്തുന്നുണ്ട്. കാമ്പസിൽത്തന്നെ നിർമിക്കുന്ന വെർമി കമ്പോസ്റ്റ്, ജൈവവളം എന്നിവ ഉപയോഗിച്ചാണ് കൃഷി നടത്തുന്നത്. തമിഴ് വിഭാഗം മുൻകൈയെടുത്താണ് ചെറുധാന്യക്കൃഷി (മില്ലറ്റ് ഫാമിങ്) നടത്തുന്നത്.

കുട്ടികളിൽ കൂടുതലും കർഷക കുടുംബങ്ങളിൽനിന്നാണ്. അവർക്ക് ആത്മവിശ്വാസം നൽകാനും കൃഷിചെയ്യുന്നത് അഭിമാനകരമാണെന്ന ചിന്തയുണ്ടാകാനും ഇത്തരം പ്രവർത്തനങ്ങളിലൂടെ കഴിയുന്നുണ്ടെന്ന് കോളേജ് പ്രിൻസിപ്പൽ ഡോ. കെ. ബേബി പറയുന്നു. പൂക്കളും പച്ചക്കറികളും വിറ്റുകിട്ടുന്ന വരുമാനത്തിന്റെ ഒരുഭാഗം കുട്ടികൾക്കുള്ളതാണ്.

കൊമേഴ്സ് വിഭാഗമാണ് അരളിത്തൈകൾ പരിപാലിക്കുന്നത്. ജൈവ വൈവിധ്യപാർക്കിന്റെ ചുമതല ഇംഗ്ലീഷ് വിഭാഗത്തിനാണ്. ഇങ്ങനെ ഓരോ പഠനവകുപ്പുകൾക്കുമുണ്ട് ചുമതല. മൈക്രോബയോളജി പഠനവിഭാഗമാണ് ശുചിത്വ കാമ്പസിന്റെ പരിപാലനം. കഴിഞ്ഞവർഷം 100 കിലോ മണ്ണിര കമ്പോസ്റ്റ് തയ്യാറാക്കി വില്പന നടത്തി.

കുടിവെള്ളത്തിനുപോലും ക്ഷാമമുള്ള മഴനിഴൽപ്രദേശമാണ് കൊഴിഞ്ഞാമ്പാറ. അവിടെയാണ് മനസ്സുവെച്ചാൽ പച്ചപ്പ് നിറയുമെന്ന് കുട്ടികൾ തെളിയിച്ചത്. കോളേജിന്റെ കെട്ടിടങ്ങളുടെ പുറത്തുവീഴുന്ന മഴവെള്ളം ഒരുതുള്ളിപോലും വെറുതേ ഒഴുകിപ്പോകില്ല. 32,000 ലിറ്ററിന്റെയും 16,600 ലിറ്ററിന്റേതുമായി രണ്ട് വമ്പൻ മഴവെള്ളസംഭരണികൾ വർഷം മുഴുവൻ ചെടികൾ നനയ്ക്കാനുള്ള വെള്ളം നൽകുന്നുണ്ടെന്ന് കോളേജിലെ ഐ.ക്യു.എ.സി. കോ-ഓർഡിനേറ്റർ പ്രശാന്ത് പറഞ്ഞു.

## ജൈവവൈവിധ്യ സർവേയിൽ തുടക്കം

രണ്ടുവർഷംമുമ്പ് ആരണ്യകം ഫൗണ്ടേഷന്റെ സഹകരണത്തോടെ കാമ്പസിനകത്തെ മരങ്ങളുടെയും ചെടികളുടെയും കണക്കെടുത്തു. 125 തരം പുതിയയിനം മരങ്ങളും 200-ൽ കൂടുതൽ സസ്യയിനങ്ങളും തിരിച്ചറിഞ്ഞു. സർവേ റിപ്പോർട്ട് ഫ്ലോറിസ്റ്റിക് പനോരമ എന്ന പേരിൽ പുറത്തിറക്കുകയും ചെയ്തു.

40 സെന്റിൽ ജൈവവൈവിധ്യ പാർക്ക് കാമ്പസിന്റെ പച്ചത്തുരുത്തായി മാറിയിരിക്കുകയാണ്. പ്രദേശത്തിന് അനുയോജ്യമായ മരങ്ങൾ വെച്ചുപിടിപ്പിക്കാനായി ആരണ്യകം നേച്ചർ ഫൗണ്ടേഷന്റെ സാങ്കേതികസഹായത്തോടെ 'ഗ്രീനിങ് ദ കാമ്പസ്' പദ്ധതി 2022 ജൂണിൽ ആരംഭിച്ചിട്ടുണ്ട്.

## പതിനാറര ഏക്കറിലെ പച്ചപ്പ്

പതിനാറരയേക്കറാണ് കാമ്പസ്. ഇതിൽ നാലേക്കർ വിശാലമായ മൈതാനം. 800 മീറ്റർ ട്രാക്കിടാവുന്ന സൗകര്യം. ഇതിനോടു ചേർന്നാണ് പ്രകൃതിദത്ത കുളം. ഇത് നീന്തൽക്കുളമാക്കി രൂപപ്പെടുത്താൻ പദ്ധതിയുണ്ട്. ഇലവാഴക്കൃഷി ആരംഭിക്കാനും പദ്ധതിയുണ്ട്. ചെറുനാരകം, സീതപ്പഴം എന്നിവയുടെ തൈകളും ഇത്തവണ നട്ടു. ചക്കയും നാട്ടുമാങ്ങയുമുൾപ്പെടെ നാടൻപഴങ്ങൾ കിട്ടുന്ന പഴത്തോട്ടത്തിന്റെ നിർമാണമാണ് ഇത്തവണത്തെ സ്പെഷ്യൽ.